# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 584 — 28/09/2016-ൽ മറുപടിയ്ക്ക്

### കണ്ടൽ കാട്ടുകളുടെ സംരക്ഷണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എസ്.ശർമ്മ | | ശ്രീ. അഡ്വ: കെ. രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) എളങ്കുന്നപ്പുഴ ആർ.എം.പി കനാലിന് ഇരുവശവുമായി രൂപം കൊണ്ടിട്ടുള്ള കണ്ടൽക്കാട്ടുകൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി വനം വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; | (എ) | സംസ്ഥാനത്ത് ഒട്ടാകെ നിലവിലുള്ള കണ്ടൽക്കാട്ടുകൾ സംരക്ഷിച്ച് പരിപാലിക്കുന്നതിന് പ്രോൽസാഹനം നൽകുന്നതിനായി വനം വകുപ്പ് ചില പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ എളങ്കുന്നപ്പുഴ ആർ.എം.പി കനാലിന് ഇരുവശവുമായി കണ്ടുവരുന്ന കണ്ടൽക്കാട്ടുകൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും പ്രത്യേക പദ്ധതികൾ നിലവിൽ ഇല്ല |
| ബി) ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ അതിനുള്ള പദ്ധതി തയ്യാറാക്കി നടപ്പിലാക്കാവുന്നതാണ്. |
| സി) സുനാമി, കടൽക്ഷോഭം എന്നിവയിൽ നിന്നും വൈപ്പിനിലെ തീരഗ്രാമങ്ങളെ സംരക്ഷിക്കുന്നതിന് കണ്ടൽ ചെടി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ജൈവവേലി രൂപപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | വൈപ്പിനിലെ തീരഗ്രാമങ്ങൾ പ്രധാനമായും കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെയും, തദ്ദേശ സ്വയംഭരണം, റവന്യൂ തുടങ്ങിയ വകുപ്പുകളുടെയും അധീനതയിലാണുള്ളത്. ഈ വകുപ്പുകളുടെ സഹകരണത്തോടെ സുനാമി കടൽക്ഷോഭം എന്നിവയിൽ നിന്നും വൈപ്പിനിലെ തീരഗ്രാമങ്ങളെ സംരക്ഷിക്കുന്നതിന് കണ്ടൽച്ചെടികൾ ഉപയോഗപ്പെടുത്തി ജൈവവേലി നിർമ്മിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ